## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1427** — 14/06/2013 ലെ മറുപടിയ്ക്ക്

### കർഷക രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ. അജിത്<br>ശ്രീമതി ഇ.എസ്.ബിജിമോൾ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** കർഷക രജിസ്ട്രേഷൻ എന്നുമു തലാണാരംഭിച്ചത് ; രജിസ്ട്രേഷൻ പൂർത്തിയാക്കിയതെന്നാണ് ;

**(എ)** 19/06/2012 തീയതിയിലെ ജി.ഒ.(എം.എസ്) നം.152/2012/എഡി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കർഷകരുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കുവാനും, വിവിധ പദ്ധതി ആനുകൂല്യങ്ങൾ ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 2012 നവംബർ 16 വരെ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് കാലപരിധി സർക്കാർ തീരുമാനിച്ചിരുന്നു.

**(ബി)** എത്ര കർഷകർ രജിസ്റ്റർ ചെയ്തു : ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ :

**(ബി)** 2012 നവംബർ 16 വരെ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 96668 |
| കൊല്ലം | 108992 |
| പത്തനംതിട്ട | 62604 |
| കോട്ടയം | 65305 |
| ഇടുക്കി | 8/148 |
| ആലപ്പുഴ | 108059 |
| എറണാകുളം | 65305 |
| തൃശ്ശൂർ | 159958 |
| പാലക്കാട് | 124014 |
| മലപ്പുറം | 113724 |
| കോഴിക്കോട് | 156074 |
| വയനാട് | 104700 |
| കണ്ണൂർ | 135065 |
| കാസറഗോഡ് | 81425 |
| **ആകെ** | **1469041** |

(സി) പ്രസ്തുത രജിസ്ട്രേഷനിലൂടെ കർഷകരിൽ നിന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിരുന്നതെന്ന് വിശദമാക്കുമോ :

(സി) രജിസ്ട്രേഷന്റെ ഭാഗമായി കർഷകരിൽ നിന്നും കൃഷിക്കാരന്റെ പേരും മേൽവിലാസവും ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. (ലഭ്യമാണെങ്കിൽ), വിഭാഗം (ജനറൽ / ഒ.ബി.സി. / എസ്.സി. / എസ്.റ്റി) കൃഷി ചെയ്യുന്ന വിളകളും വിസ്തീർണ്ണവും, റേഷൻ കാർഡ് നമ്പർ, തിരിച്ചറിയൽ കാർഡ് നമ്പർ, പാൻ നമ്പർ, അക്കൗണ്ട് ഉള്ള ബാങ്കിന്റെ പേര്, ബ്രാഞ്ച്, ടെലിഫോൺ നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, അക്കൗണ്ട് നമ്പർ, ബാങ്ക് വായ്പകളുടെ വിവരങ്ങൾ (വിദ്യാഭ്യാസ വായ്പ / കാർ വായ്പ / കെട്ടിട വായ്പ / കാർഷിക വായ്പ / മറ്റുള്ളവ) തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. കൂടാതെ ആധാർ നമ്പറും ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) മൊത്തം എത്ര കർഷകരെ രജിസ്റ്റർ ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; മുഴുവൻ കർഷകരേയും രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്നതിന്റെ കാരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

(ഡി) കേരളത്തിലെ മുഴുവൻ കർഷകരുടെയും ഓൺലൈൻ ഡാറ്റാബേസ് തയ്യാറാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മുഴുവൻ സമയ കർഷകരല്ലാത്ത വ്യക്തികൾക്ക് കൃഷി ഭവനുകളുമായി ബന്ധപ്പെടുന്നതിനുള്ള അസൗകര്യം, സ്ഥലത്തിന്റെ ഉടമസ്ഥർ പഞ്ചായത്തിൽ തന്നെ താമസമില്ലാത്ത സാഹചര്യം, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനും, ഓഫീസുകളിൽ നേരിട്ട് ഹാജരാകുന്നതിനുമുള്ള സമയമില്ലായ്മ തുടങ്ങിയ കാരണങ്ങളാണ് മുഴുവൻ കർഷകരെയും രജിസ്റ്റർ ചെയ്യുവാൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ കർഷകരുടെ താൽപര്യക്കുറവും ഒരു കാരണമാണ്.

•

സെക്ഷൻ ഓഫീസർ